പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1859

25/03/2013 ൽ
മറുപടിക്ക്

ഫിലിം സിറ്റി

ചോദ്യം

ശ്രീ. ലൂഡി ലൂയിസ്
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. എ.റ്റി. ജോർജ്ജ്

മറുപടി

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും
വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ഫിലിംസിറ്റി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ വികസിപ്പിക്കുന്നതിനും, ഒറ്റപ്പാലത്ത് ഫിലിം സിറ്റി ആരംഭിക്കുന്നതിനും ചലച്ചിത്ര വികസന കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) റിക്കാർഡിംഗ് /ഡബ്ബിംഗ് തിയേറ്റർ, എഡിറ്റ് സ്യൂട്ട്, സൗണ്ട് പ്രൂഫ്, എയർ കണ്ടീഷനിംഗ് ഷൂട്ടിംഗ് ഫ്ളോർ, മേക്കപ്പ് റൂം, ഔട്ട് ഡോർ യൂണിറ്റ്, ജനറേറ്റർ, പ്രോപ്പർട്ടി സ്റ്റോർ, റസ്റ്റാറന്റ്സ്, കോട്ടേജസ്, ഷൂട്ടിംഗിനാവശ്യമായ സെറ്റുകൾ തുടങ്ങിയ സവിശേഷതകളോടു കൂടിയ ഫിലിം സിറ്റിയാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ആയതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) ചിത്രാഞ്ജലി സ്റ്റുഡിയോ വികസനം സർക്കാർ ഫണ്ടുപയോഗിച്ച് പുരോഗമിച്ചു വരുന്നു. ഒറ്റപ്പാലം ഫിലിം സിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ചുള്ള തീരുമാനം ജലവിഭവ വകുപ്പിൽ നിന്ന് സ്ഥലം കൈമാറുന്ന മുറയ്ക്ക് തീരുമാനിക്കുന്നതായിരിക്കും. |
| (ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) ചിത്രാഞ്ജലി സ്റ്റുഡിയോ വികസനത്തിനുള്ള പ്രരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു. ഒറ്റപ്പാലം ഫിലിം സിറ്റിയുടെ പ്രോജക്ട് പ്രോപ്പോസൽ കെ.എസ്.എഫ്.ഡി.സി. ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ജലവിഭവ വകുപ്പിൽ നിന്ന് ഭൂമി ലഭ്യമായിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ